(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ദേവാലയങ്ങളിൽ മോഷണങ്ങൾ നടന്നു;

(ബി) അവയിൽ ക്രിസ്ത്യൻ പള്ളി, മുസ്ലീം പള്ളി, ക്ഷേത്രങ്ങൾ മറ്റു മതവിഭാഗങ്ങളിൽപ്പെട്ടവരുടെ ആരാധനാലയങ്ങൾ എന്നിവ എത്രവീതം ഉൾപ്പെടും;

(സി) ഈ മോഷണത്തിന്റെ ഫലമായി എന്തെല്ലാം നഷ്ടമുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ)മുതൽ (സി)വരെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

27 (27) അതിശയമംഗലം ക്ഷേത്രത്തിലെ കവർച്ച

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ കടയ്ക്കൽ സ്റ്റേഷനതിർത്തിയിൽ അതിശയമംഗലം ക്ഷേത്രത്തിൽ കവർച്ച നടന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ്സന്വേഷണം ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേസ് ഊർജ്ജിതമായി അന്വേഷിച്ച് വരുന്നു.

28 (28) ദേവാലയത്തിന് നേരെയുള്ള അക്രമം

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പഴ മാർശാമുവൽ ദസ്തിനി ഓർത്തഡോക്സ് കത്തീഡ്രലിൽ രണ്ട് തവണ സാമൂഹ്യ വിരുദ്ധർ അക്രമം നടത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്രമം നടത്തിയതിന് ആരെയെങ്കിലും പിടികൂടിയിട്ടുണ്ടോ;

(സി) ഏത് ഉദ്യോഗസ്ഥനാണ് ഈ കേസ്സ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)മുതൽ(ഡി)വരെ പ്രസ്തുത ദേവാലയത്തിൽ മോഷണം നടന്നതുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 40/99,42/99 എന്നീ രണ്ട് കേസുകൾ രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് പത്തനംതിട്ട പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. രണ്ട് പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്.

29 (29) കായംകുളത്തെ പള്ളി തകർത്ത സംഭവം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ മാർച്ച് 14-ന് രാത്രി തെക്കിനാൽ പെന്തക്കോസ്ത് പള്ളി തകർത്തവരെ പിടികൂടിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കായംകുളം ഡിവൈ.എസ്.പി.യ്ക്കും സർക്കിൾ ഇൻസ്പെക്ടർക്കും യഥാർത്ഥ കുറ്റവാളികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ സംഭവം ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് വിട്ടു എന്ന് സർക്കാർ കായംകുളം എം.എൽ.എ.യെ അറിയിച്ചശേഷം ഉണ്ടായ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) യഥാർത്ഥ കുറ്റവാളികളെ ഇപ്പോൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണ്; അവരുടെ രാഷ്ട്രീയ സ്വഭാവം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സംഭവത്തോടനുബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 118/99 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തുവാൻ ഡി.ജി.പി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

30 (30) അഡ്വ. ജനറലിന്റെ ഡൽഹി സന്ദർശനം

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന അഡ്വ. ജനറൽ എത്ര പ്രാവശ്യം ഡൽഹി സന്ദർശിച്ചിട്ടുണ്ട്;

(ബി) ഓരോ സന്ദർശനത്തിന്റേയും വിശദവിവരം നൽകുമോ;

(സി) എപ്പോഴെങ്കിലും അദ്ദേഹം സുപ്രീംകോടതിയിൽ കേസ്സ് വാദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം കേസ്സുകളാണെന്നും ഏതൊക്കെ ദിവസങ്ങളിലാണ് വാദിച്ചത് എന്നും വിശദമാക്കുമോ;

(ഇ) അദ്ദേഹത്തിന് ടി.എ., ഡി.എ. അലവൻസ് എന്നിവ നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ പുതുതായി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഉത്തരവിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly